അമൽ അബൂബക്കർ

# ആത്മാഭിമാനികളുടെ പ്രാർഥന

عَنْ شَدَّادُ بْنُ أَوْس سَمِعْتُ مِن رَسُولِ اللهِ صلَّى اللهُ عَلَيه وَسَلَّم : إِذَا اكتَنَز النَّاسُ الدَّنانِيرَ وَالدَّرَاهِمَ فَاكتَنِزوا هَؤُلَاءِ الْكَلِمَاتِ : اللَّهُمَّ إِنِّي أَسْأَلُكَ الثَّبَاتَ فِي الْأَمْرِ وَالْعزِيمَةَ عَلَى الرُّشْدِ وَأَسْأَلُكَ شُكْرَ نِعْمَتِكَ وَحُسْنَ عِبَادَتِكَ وَأَسْأَلُكَ مِن خَيْرِ مَا تعلَمُ وَأَستَغْفِرُكَ لِما تَعْلَمُ إِنَّكَ أَنْتَ عَلَّامُ الْغُيُوبِ (صحيح ابن حبان)

**ശദ്ദാദു ബ്നു ഔസ് നിവേദനം ചെയ്യുന്നു, അല്ലാഹുവിന്റെ ദൂതർ പറയുന്നത് ഞാൻ കേട്ടു; 'ജനങ്ങൾ ദീനാറും ദിർഹമും ശേഖരിച്ചുവെക്കുമ്പോൾ, നിങ്ങൾ ഈ വചനങ്ങൾ നിധികളായി സൂക്ഷിക്കുക: അല്ലാഹുവേ, ആദർശത്തിൽ സ്ഥിരതയും വിവേകത്തിൽ ദൃഢനിശ്ചയവും ഞാൻ നിന്നോട് അപേക്ഷിക്കുന്നു. നീ കനിഞ്ഞ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കാനും ഉത്തമമായ സമർപ്പണത്തിനും അവസരം തരേണമേ. നിനക്കറിയാവുന്ന എല്ലാ നന്മകളും ഞാൻ അർഥിക്കുന്നു. നിനക്കറിയാവുന്ന എല്ലാ പാപങ്ങളിൽനിന്നും ഞാൻ നിന്നോട് മോചനം തേടുന്നു. അദൃശ്യങ്ങളെല്ലാം സൂക്ഷ്മമായി അറിയുന്നവനല്ലോ നീ**

(ഇബ്നു ഹിബ്ബാൻ തന്റെ സ്വഹീഹിൽ ഉദ്ധരിച്ചത്. നമ്പർ– 935, 1974. ത്വബറാനി മുഅ്ജമുൽ ഔസത്വിലും– 7/248, അബൂ നഈം ഹിൽയത്തുൽ ഔലിയാഇലും–1/266, ഇബ്നു കസീർ അൽബാഇസുൽ അസീസിലും– 1/164 പാഠഭേദങ്ങളോടെ ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്).

പ്രാർഥനകൾ അല്ലാഹുവിനോടുള്ള അപേക്ഷകൾ മാത്രമല്ല, സ്വന്തത്തോടുള്ള ഉദ്ബോധനങ്ങൾ കൂടിയാണ്. അല്ലാഹുവിൽ നിന്നുള്ള സഹായങ്ങൾ പ്രതീക്ഷിക്കുന്നതോടൊപ്പം, പ്രാർഥനകൾ പ്രവർത്തനങ്ങളെ അനിവാര്യമാക്കുന്നുമുണ്ട്. മുഹമ്മദ് നബി പഠിപ്പിച്ച അത്തരമൊരു പ്രാർഥനയാണ് ഈ ഹദീസിന്റെ ഉള്ളടക്കം. ജീവിതത്തെയും സൗഭാഗ്യങ്ങളെയും സംബന്ധിച്ച കാഴ്ചപ്പാടുകൾ കീഴ്മേൽ മറിച്ചിടുകയാണ് ഈ നബിവചനത്തിന്റെ ആദ്യഭാഗം. ദീനാറിന്റെയും ദിർഹമിന്റെയും ശേഖരമല്ല നിധി (കൻസ്), ആദർശബോധവും സ്ഥൈര്യവും വിവേകവും നന്മയും പാപമുക്തിയും ഉൾപ്പെടെയുള്ള മഹദ് മൂല്യങ്ങൾ സ്വന്തമാക്കലാണത്. ഹദീസിന്റെ ഘടന ശ്രദ്ധിക്കുക. ഒരു തത്ത്വം പ്രഖ്യാപിച്ച ശേഷമാണ്, പ്രാർഥന പഠിപ്പിക്കുന്നത്; ഭൗതികതയിൽ കണ്ണുടക്കാതെ, ജീവിതം അല്ലാഹുവിൽ കേന്ദ്രീകരിക്കണം. ഇതാണാ തത്ത്വം. ഇത് ജീവിതത്തിൽ നിലപാടായി സ്വീകരിക്കുകയും നടപടിക്രമമായി അനുഷ്ഠിക്കുകയും ചെയ്യുന്നുവെങ്കിൽ മാത്രമേ, തുടർന്നുള്ള പ്രാർഥനക്ക് അർഥമുണ്ടാകൂ. പണത്തിൽ മനസ്സുടക്കിയ ശേഷം, ആദർശവീഥിയിലെ സ്ഥൈര്യത്തിനും സമർപ്പണ മനസ്സിനും വേണ്ടി പ്രാർഥിക്കുന്നത് ഫലപ്രദമാകില്ല. അതുകൊണ്ട്, ഒന്നാമതായി പ്രാർഥനയും പ്രവർത്തനവും തമ്മിലുള്ള വൈരുധ്യങ്ങൾ അവസാനിപ്പിക്കണം.

'അല്ലാഹുവേ, ഞാൻ നിന്നോട് ആദർശത്തിൽ സ്ഥിരത ചോദിക്കുന്നു' എന്നാണ് പ്രാർഥനയിൽ ആദ്യത്തേത്. കാര്യം, വിഷയം, പ്രശ്നം എന്നൊക്കെയാണ് 'അംറ്' എന്ന വാക്കിന്റെ ഭാഷാർഥം. 'ദീനീകാര്യങ്ങളാണ്' ഹദീസിലെ ഉദ്ദേശ്യം. അതുകൊണ്ടാണ് 'ആദർശം' എന്ന് ആശയ വിവർത്തനം ചെയ്തത്. 'സബാത്ത്' എന്നാൽ, സ്ഥൈര്യം, ഉറപ്പ്, നിശ്ചയദാർഢ്യം, ദൃഢത എന്നൊക്കെ അർഥമുണ്ട്. ഇസ്ലാമിക ആദർശത്തിൽ സ്ഥൈര്യത്തോടെ നിൽക്കാനുള്ള വിശ്വാസദാർഢ്യവും അഭിമാനബോധവും ശുഭപ്രതീക്ഷയും കരഗതമാക്കാൻ പരിശ്രമിക്കുകയും പരിശീലിക്കുകയും അതിനായി പ്രാർഥിക്കുകയും വേണം. ഇസ്ലാമിക മാർഗത്തിൽ വന്നു ഭവിക്കാവുന്ന പ്രതിസന്ധി ഘട്ടങ്ങളിൽ പതറിപ്പോകാതിരിക്കാൻ അതാവശ്യമാണ്. അല്ലാഹുവിലും പരലോകത്തിലുമുള്ള വിശ്വാസം ശക്തമാണെങ്കിൽ മാത്രമേ, സ്ഥൈര്യം കൊണ്ട് നാം അനുഗൃഹീതരാകൂ. ഇല്ലെങ്കിൽ, ചാഞ്ചല്യവും പതർച്ചയും നമ്മെ പരാജയപ്പെടുത്തിക്കളയും. നിരാശ, വിശ്വാസ നിരാസം, മതപരിത്യാഗം, അടിമ മനസ്സ്, അപകർഷബോധം തുടങ്ങിയ രോഗങ്ങൾ നമ്മെ പിടികൂടും.

ഇവയിൽനിന്നെല്ലാം മുക്തമായിട്ടുള്ള, ആദർശപരമായ ആരോഗ്യമാണ് 'സബാത്ത്.' ഈ തലത്തിൽ ഈമാനികമായി ആരോഗ്യവാന്മാരാണെങ്കിൽ, നട്ടെല്ല് വളയാതെയും തലകുനിക്കാതെയും അപകർഷ തോന്നാതെയും ആത്മാഭിമാനികളായി ജീവിക്കാൻ ഏതു പ്രതിസന്ധികളിലും, പീഡനങ്ങളുടെ തീമഴയിലും സത്യവിശ്വാസികൾക്ക് സാധിക്കും. അഥവാ, സ്ഥൈര്യം സത്യവിശ്വാസികൾക്ക് ആത്മാഭിമാനത്തിന്റെ അടയാളക്കുറിയാണ്.

ആത്മാഭിമാനം പരമപ്രധാനം ആയതുകൊണ്ടാണ്, സമൂഹമധ്യേ അപമാനിക്കപ്പെടുന്നവർ ആത്മഹത്യ ചെയ്യുന്നത്. അഭിമാനം നഷ്ടപ്പെടുത്തി ജീവിക്കേണ്ടതില്ല എന്നാണതിന്റെ അർഥം. എന്നാൽ ഇസ്‌ലാം, ഭീരുത്വത്തിന്റെ സ്വയംഹത്യയെ പൂർണമായും വിലക്കുകയും ധീരതയുടെ രക്തസാക്ഷ്യത്തെ വാഴ്ത്തുകയും ചെയ്യുന്നു. അപമാനം, രോഗം, ദാരിദ്ര്യം തുടങ്ങിയ വ്യക്തിനിഷ്ഠമായ പ്രയാസങ്ങളിൽ ക്ഷമയവലംബിച്ച് പിടിച്ചുനിൽക്കണമെന്ന് ഇസ്‌ലാം ആവശ്യപ്പെടുന്നു. അതേസമയം, പ്രയാസങ്ങളും പീഡനങ്ങളും വിശ്വാസത്തിന്റെ പേരിലാണെങ്കിൽ, സഹനസമരങ്ങളിലൂടെയും പോരാട്ടങ്ങളിലൂടെയും മറികടക്കണം എന്നാണ് കൽപന. ആദർശ മാർഗത്തിലുള്ള അപമാനങ്ങളെയും അതിക്രമങ്ങളെയും ആത്മാഭിമാനത്തോടെ നേരിടണം, ആദർശം ബലികഴിച്ച് ഏഴകളാകരുത്. അത്തരം തീക്ഷ്ണവേളകളെ രക്തസാക്ഷ്യം കൊണ്ട് അലങ്കരിച്ച് അമരത്വം നേടണം. ഇതെല്ലാം ഉൾക്കൊള്ളുന്നതാണ് സ്ഥൈര്യം- സബാത്ത്. 'പതിതരായിരുന്ന നമുക്ക് പ്രതാപം നൽകിയത് ഇസ്‌ലാമാണ്. അല്ലാഹു കനിഞ്ഞരുളിയ പ്രതാപത്തിന്റെ വഴികൾ കൈയൊഴിഞ്ഞ്, മറ്റു വഴികളിലൂടെ അന്തസ്സുള്ളവരാകാൻ ശ്രമിച്ചാൽ അല്ലാഹു നമ്മെ നിന്ദ്യരാക്കും' എന്ന്, ശാമിലേക്കുള്ള യാത്രാമധ്യേ ഖലീഫ ഉമറു ബ്നുൽ ഖത്ത്വാബ് പറയുന്നുണ്ട്. ഇങ്ങനെ പ്രഖ്യാപിക്കാനും നിലപാടെടുക്കാനും കഴിയുന്ന നേതൃത്വവും അനുയായികളുമാണ് ഇസ്‌ലാമിനെ ഉയർത്തി നിർത്തുന്നത്. 'ഉമർ ഇസ്‌ലാം സ്വീകരിച്ചതിനു ശേഷം ഞങ്ങൾ പ്രതാപവാന്മാരായി' എന്ന് അബ്ദുല്ലാഹിബ്നു അബ്ബാസ് പറഞ്ഞത് അർഥവത്താണ്.

'വിവേകത്തിൽ ദൃഢനിശ്ചയം തരേണമേ' എന്നതാണ് പ്രാർഥനയിൽ രണ്ടാമത്തേത്. 'റുശ്ദ്' എന്നാൽ വിവേകം, ഔചിത്യബോധം, നേർവഴി, പക്വത എന്നൊക്കെയാണ് അർഥം. ഉറച്ച തീരുമാനം, ദൃഢനിശ്ചയം, കരുത്ത് എന്നൊക്കെയാണ് 'അസീമത്ത്' എന്ന വാക്കിന്റെ അർഥം. ഇസ്‌ലാമിക പ്രവർത്തന മണ്ഡലത്തിൽ വിവേകത്തിന്റെ വില വളരെ വലുതാണ്. പ്രശ്നസങ്കീർണതകളും പരിക്കുകളും പരമാവധി കുറച്ച്, ക്ഷമയോടെ ലക്ഷ്യം നേടുക എന്ന സാഹസമാണ് വിവേകം. ഇത് സത്യവിശ്വാസിയുടെ പ്രധാന ഗുണമാണ്. ശാന്തമായൊരു അന്തരീക്ഷത്തിൽ വിവേകിയായിരിക്കാനും ചിന്തിച്ച് നേരായ വഴിയിൽ കാര്യങ്ങൾ ചെയ്യാനും എളുപ്പമാണ്. എന്നാൽ, പ്രതിസന്ധി ഘട്ടങ്ങളിലോ? പ്രശ്നകലുഷിത അന്തരീക്ഷത്തിലാണല്ലോ, ആദർശസ്ഥിരത പ്രധാന വിഷയമാകുന്നതു തന്നെ. വിവേകവും പ്രധാനമായിത്തീരുന്നതും പ്രതിസന്ധി ഘട്ടങ്ങളിൽ തന്നെയാണ്. അതുകൊണ്ടാണ്, നബി സ്ഥൈര്യവും വിവേകവും ചേർത്തുവെച്ച് പ്രാർഥിച്ചത്. വ്യക്തിയോ കുടുംബമോ സമുദായമോ ഒരു വലിയ പ്രതിസന്ധി ഘട്ടത്തെ അഭിമുഖീകരിക്കുമ്പോൾ പ്രയോഗത്തിൽ തെളിയുന്ന ക്രിയാത്മകതയാണ് പക്വത. ഇതാണ് ഈ ചേർത്തുവെപ്പിന്റെ മനോഹാരിത.

വിവേകം ചോരാതെ വേണം സ്ഥൈര്യം പ്രകടിപ്പിക്കാൻ എന്ന് നബി പഠിപ്പിക്കുന്നത് എത്രമാത്രം ചിന്തനീയമാണ്. 'സൂര്യചന്ദ്രന്മാരെ കൈകളിൽ വെച്ചുതന്നാലും ആദർശം കൈവെടിയുകയോ ദൗത്യത്തിൽനിന്ന് പിൻവാങ്ങുകയോ ചെയ്യില്ല' എന്ന് പ്രഖ്യാപിച്ച പ്രവാചകൻ സ്ഥൈര്യത്തിന്റെ ഉജ്ജ്വല മാതൃകയാണ്. അബൂത്വാലിബ് താഴ്‌വരയിലും ത്വാഇഫിലും അഭയം തേടുമ്പോഴും, വിഗ്രഹങ്ങൾ നിറഞ്ഞ കഅ്ബയെ മാറ്റിവെച്ച്, ജനമനസ്സുകളുടെ പരിവർത്തനത്തിനായി പ്രബോധനത്തിൽ മുഴുകുമ്പോഴും വിവേകിയായ, ലക്ഷ്യബോധമുള്ള ദീർഘദർശിയെ നാം കാണുന്നുണ്ട്. മക്കയിൽ തന്നെ പൊരുതി മരിക്കാതെ, എത്യോപ്യയിലേക്ക് അനുയായികളിൽ ചിലരെ പറഞ്ഞയക്കുകയും മദീനയിലേക്ക് പലായനം ചെയ്യുകയുമായിരുന്നു നബി. നട്ടുച്ചക്ക് നെഞ്ചുവിരിച്ച്, ശത്രുക്കളുടെ മുമ്പിലേക്കിറങ്ങി, അവരെ വെല്ലുവിളിച്ച് മദീനയിലേക്ക് പോവുകയായിരുന്നില്ല നബി. പാതിരാത്രി, ഒളിച്ചു കടക്കുകയായിരുന്നു. രണ്ടുനാൾ സൗർ ഗുഹയിൽ ഒളിച്ചിരുന്നും, യസ്‌രിബിലേക്കുള്ള സാധാരണ വഴിയിൽനിന്ന് മാറി സഞ്ചരിച്ചും ലക്ഷ്യപൂർത്തിയിൽ ശ്രദ്ധയൂന്നിയ നബിയിൽ വിവേകിയായ നേതാവിനെ വായിച്ചെടുക്കാം. ഹുദൈബിയ സന്ധിയുടെ സങ്കീർണതകളിലും അബൂജൻദൽ ഉൾപ്പെടെയുള്ളവർ ഏറ്റുകൊണ്ടിരുന്ന പീഡനപർവങ്ങൾക്കിടയിലും, പ്രത്യക്ഷത്തിൽ കീഴടങ്ങലെന്ന് തോന്നുന്ന ഒരു കരാർ ഒപ്പിട്ട നബി, പ്രതിസന്ധിയിലെ പക്വതക്ക് തികഞ്ഞ മാതൃകതന്നെ. ഇതുവഴിയെല്ലാം വരാനിരിക്കുന്ന വിജയത്തെക്കുറിച്ച ദീർഘവീക്ഷണവും കർമോത്സുകതയും നബിക്ക് കൈമുതലായിരുന്നുവല്ലോ.

ഈ ഹദീസിന്റെ ശിഷ്ട ഭാഗത്ത് പറഞ്ഞിട്ടുള്ള, മികച്ച സമർപ്പണവും (ഹുസ്നു ഇബാദത്ത്) സുകൃതങ്ങളും (ഖൈർ) പാപമോചനാർഥനയും (ഇസ്തിഗ്ഫാർ) എല്ലാം ചേർന്ന് ആ വിജയം സാധ്യമാക്കുകയും ചെയ്തു. ഈ ചരിത്രം വർത്തമാനത്തിൽ ആവർത്തിക്കാൻ, നബി നടന്ന വഴികളിലൂടെ നടക്കുകയും, നബി പഠിപ്പിച്ച പ്രാർഥനകളിൽ മുഴുകുകയും ചെയ്യുക. ●

ആത്മാഭിമാനം പരമപ്രധാനം ആയതുകൊണ്ടാണ്, സമൂഹമധ്യേ അപമാനിക്കപ്പെടുന്നവർ ആത്മഹത്യ ചെയ്യുന്നത്. അഭിമാനം നഷ്ടപ്പെടുത്തി ജീവിക്കേണ്ടതില്ല എന്നാണതിന്റെ അർഥം. എന്നാൽ ഇസ്‌ലാം, ഭീരുത്വത്തിന്റെ സ്വയംഹത്യയെ പൂർണമായും വിലക്കുകയും ധീരതയുടെ രക്തസാക്ഷ്യത്തെ വാഴ്ത്തുകയും ചെയ്യുന്നു.